പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3728

30.01.2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

## സർക്കസ് കലാകാരന്മാർക്കുള്ള പെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃ ാരിപ്പൂർ) | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സർക്കസ് പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണ്; പെൻഷൻ ശുപാർശ ചെയ്യുന്നതിന് ഏതെങ്കിലും കമ്മിറ്റി നിലവിലുണ്ടോ ; ആരൊക്കെയാണ് അംഗങ്ങൾ ; ഈ കമ്മിറ്റി അവസാനമായി കൂടിയതെന്നാണ് ; | (എ) കേരളത്തിലെ അവശതയനുഭവിക്കുന്ന സർക്കസ് കലാകാരന്മാർക്ക് പ്രതിമാസം 1100 രൂപ നിരക്കിൽ പെൻഷൻ നൽകുന്ന ഒരു പദ്ധതി നിലവിലുണ്ട്. ഇതു സംബന്ധിച്ച മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ഏതെങ്കിലും സർക്കസ് കമ്പനിയിൽ ചേർന്നു പ്രവർത്തിച്ചവരും ഇപ്പോൾ ശാരീരികവും മാനസികവുമായും അവശതയനുഭവിക്കുന്നവരുമായ സർക്കസ് കലാകാരന്മാർക്കു മാത്രമേ പെൻഷന് അപേക്ഷിക്കുവാനർഹതയുണ്ടായിരിക്കുകയുള്ളൂ. ഒരു സ്ഥാപനം സർക്കസ് കമ്പനി എന്ന വിഭാഗത്തിൽ വരുന്നുണ്ടോയെന്ന് ആ സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ലയിലെ കളക്ടർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.<br><br>2. കേരളീയരായ സർക്കസ് കലാകാരന്മാർക്കു മാത്രമേ ഈ പദ്ധതിയനുസരിച്ചുള്ള ധനസഹായത്തിന് അർഹതയുള്ളു. എന്നാൽ അന്യസംസ്ഥാനങ്ങളിലെ സർക്കസ് കലാകാരന്മാർ വൈവാഹിക ബന്ധത്തിലൂടെ കുടുംബസമേതം കേരളത്തിൽ സ്ഥിരതാമസമാക്കി 10 വർഷം പൂർത്തിയാക്കി യിട്ടുണ്ടെങ്കിൽ അവർക്കും പെൻഷന് അപേക്ഷിക്കാവുന്നതാണ്.<br><br>3. കുറഞ്ഞത് 15 വർഷമെങ്കിലും സർക്കസ് പ്രകടനത്തിലേർപ്പെട്ടവർക്കു മാത്രമേ ഈ പദ്ധതിയനുസരിച്ചുള്ള ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. എന്നാൽ സർക്കസ് പ്രകടനത്തിൽ സംഭവിച്ച അപകടത്തെത്തുടർന്ന് അവശതയനുഭവിക്കുന്നവർക്ക് ഇത് ബാധകമല്ല. |

TR

Forest, Transport, Sports, Cinema

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3765 30.01.2014 ൽ മറുപടിക്ക്

## മന്ത്രി വാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങൾ

| ശ്രീമതി കെ. എസ്. സലീഖ: | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | | |
|---|---|---|---|---|
| ചോദ്യം | | 30.01.2014 ൽ നൽകിയ മറുപടി | | അന്തിമ മറുപടി |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഗതാഗതവകുപ്പിന്റെ കണക്കിൽ സംസ്ഥാനത്ത് മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരുടെയും അകമ്പടിക്കാരുടെയും വാഹനങ്ങൾ ഉൾപ്പെട്ട എത്ര വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ട്; മന്ത്രിമാർ തിരിച്ച് വിശദാംശം വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരുടെ വാഹനങ്ങൾ ഉൾപ്പെട്ട 16 വാഹനാപകടങ്ങളും അകമ്പടിക്കാരുടെ വാഹനങ്ങൾ ഉൾപ്പെട്ട 5 വാഹനാപകടങ്ങളും ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരുടെ വാഹനങ്ങൾ ഉൾപ്പെട്ട 16 വാഹനാപകടങ്ങളും അകമ്പടിക്കാരുടെ വാഹനങ്ങൾ ഉൾപ്പെട്ട 5 വാഹനാപകടങ്ങളും ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത വാഹന അപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടു; എത്ര പേർക്ക് അംഗവൈകല്യം സംഭവിച്ചു; ഗതാഗത വകുപ്പിൽ ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ നിലവിലുണ്ട്; ഇൻഷ്വറൻസ് ഇനത്തിൽ എന്ത് തുക ഇത്തരക്കാർക്ക് നാളിതുവരെ നൽകി എന്നറിയുമോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത വാഹന അപകടങ്ങളിൽ 7 പേർ മരണപ്പെട്ടു. ആർക്കും അംഗവൈകല്യം സംഭവിച്ചതായി അറിവായിട്ടില്ല. പോലീസ് വകുപ്പിൽ ഇതു സംബന്ധിച്ച് 20 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് ഇനത്തിൽ നൽകിയ തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. | പ്രസ്തുത വാഹന അപകടങ്ങളിൽ 7 പേർ മരണപ്പെട്ടു. ആർക്കും അംഗവൈകല്യം സംഭവിച്ചതായി അറിവായിട്ടില്ല. പോലീസ് വകുപ്പിൽ ഇതു സംബന്ധിച്ച് 20 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് ഇനത്തിൽ ഗതാഗത വകുപ്പിൽ നിന്നോ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നോ നഷ്ടപരിഹാരം ഒന്നും നൽകിയിട്ടില്ല. |
| (സി) | മോട്ടോർ വാഹന നിയമം 112 -ാം വകുപ്പ് പ്രകാരം മന്ത്രിമാരുടെയും അകമ്പടി ഉദ്യോഗസ്ഥരുടെയും വാഹനങ്ങൾക്ക് വേഗപരിധി എത്രയാണ് നിശ്ചയിച്ചിട്ടുള്ളത്; ഇത് മറികടന്ന് അപകടമുണ്ടാക്കിയ വാഹനങ്ങൾ എത്ര; ഏതെല്ലാം മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും വാഹനങ്ങളാണ് അപകടങ്ങളിൽപ്പെട്ടത്; വിശദാംശം നൽകുമോ; | (സി) | പരമാവധി വേഗത പരിധി മണിക്കൂറിൽ 70 കി.മീ. ആണ്. മന്ത്രിമാർക്കും മറ്റും പ്രത്യേക നിയമം നിലവിലില്ല. ഇത്തരത്തിൽ അപകടങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. | പരമാവധി വേഗത പരിധി മണിക്കൂറിൽ 70 കി.മീ. ആണ്. മന്ത്രിമാർക്കും മറ്റും പ്രത്യേക നിയമം നിലവിലില്ല. ഇത്തരത്തിൽ അപകടങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | | |
|---|---|---|---|---|
| (ഡി) | മോട്ടോർ വാഹന നിയമം 119 -ാം വകുപ്പനുസരിച്ച് ട്രാഫിക് സിഗ്നലുകൾ ലംഘിച്ച ഫോട്ടോകൾ ലഭ്യമായതിൽ നാളിതുവരെ പ്രസ്തുത വകുപ്പ് ലംഘിച്ച മന്ത്രി വാഹനങ്ങളും, അകമ്പടി വാഹനങ്ങളും ഏതെല്ലാം; വിശദാംശം വ്യക്തമാക്കുമോ; | (ഡി) | മന്ത്രിമാരുടെയും അകമ്പടി ഉദ്യോഗസ്ഥരുടെയും വാഹനങ്ങൾ മോട്ടോർ വാഹന നിയമം 119-ാം വകുപ്പനുസരിച്ച് ട്രാഫിക് സിഗ്നലുകൾ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. | മന്ത്രിമാരുടെയും അകമ്പടി ഉദ്യോഗസ്ഥരുടെയും വാഹനങ്ങൾ മോട്ടോർ വാഹന നിയമം 119-ാം വകുപ്പനുസരിച്ച് ട്രാഫിക് സിഗ്നലുകൾ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | മന്ത്രിമാരുടെയും അകമ്പടി ഉദ്യോഗസ്ഥരുടെയും വാഹനങ്ങൾ ഉണ്ടാക്കുന്ന വാഹനാപകടങ്ങൾ നിയന്ത്രിക്കാൻ 'വേഗത നിയന്ത്രണം' ഉൾപ്പെടെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ഇ) | മന്ത്രിമാരുടെയും അകമ്പടി ഉദ്യോഗസ്ഥരുടെയും വാഹനങ്ങൾക്ക് പ്രത്യേകമായി വേഗപരിധി നിശ്ചയിച്ചിട്ടില്ല. ഇത്തരം വാഹനങ്ങൾ വേഗപരിധി മറികടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള നിയമങ്ങൾ പ്രകാരമുള്ള നടപടികൾ പ്രസ്തുത വാഹനങ്ങൾക്കും ബാധകമാണ്. | മന്ത്രിമാരുടെയും അകമ്പടി ഉദ്യോഗസ്ഥരുടെയും വാഹനങ്ങൾക്ക് പ്രത്യേകമായി വേഗപരിധി നിശ്ചയിച്ചിട്ടില്ല. ഇത്തരം വാഹനങ്ങൾ വേഗ പരിധി മറികടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള നിയമങ്ങൾ പ്രകാരമുള്ള നടപടി കൾ പ്രസ്തുത വാഹനങ്ങൾക്കും ബാധകമാണ്. |
| (എഫ്) | സംസ്ഥാനത്ത് പൊതുജനങ്ങളുടെ വാഹനങ്ങൾക്ക് വേഗപ്പൂട്ടും, മോട്ടോർ വാഹന നിയമം ലംഘിച്ചവർക്ക് പിഴയും, ലൈസൻസ് റദ്ദാക്കലുമുൾപ്പെടെ നടപ്പിലാക്കിയതുമൂലം നിലവിലെ ഗതാഗത കമ്മീഷണർ സ്ഥാനമേറ്റതിനുശേഷം നാളിതുവരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എന്തു തുക പിഴ ഇനത്തിൽ ലഭിച്ചു; എത്ര പേരുടെ ലൈസൻസ് റദ്ദാക്കലും സസ്പെന്റ് ചെയ്യലും നടപ്പിലാക്കി; ഇതിൽ മന്ത്രിമാർ/അകമ്പടി വാഹനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (എഫ്) | സംസ്ഥാനത്ത് പൊതുജനങ്ങളുടെ വാഹനങ്ങൾക്ക് വേഗപ്പൂട്ടും, മോട്ടോർ വാഹന നിയമം ലംഘിച്ചവർക്ക് പിഴയും. ലൈസൻസ് റദ്ദാക്കലുമുൾപ്പെടെ നടപ്പിലാക്കിയതുമൂലം 10.06.2013 മുതൽ 20.01.2014 വരെ പെറ്റിക്കേസുകൾ ഉൾപ്പെടെ 2306615 കേസുകളും, പിഴയായി 38,67,63,686/- (മുപ്പത്തിയെട്ടു കോടി അറുപത്തിയേഴ് ലക്ഷത്തി അറുപത്തി മൂവായിരത്തി അറുനൂറ്റി എൺപത്തിയാറ്) രൂപ ഈടാക്കുകയും ചെയ്തു. 10299 പേർക്കെതിരെ ലൈസൻസ് റദ്ദ്/ സസ്പെൻഡ് ചെയ്യുന്നതിലേക്കുള്ള നടപടികൾ സ്വീകരിക്കുന്ന തിനായി മോട്ടോർ വാഹന വകുപ്പിന് റിപ്പോർട്ടുകൾ നൽകിയിട്ടുള്ളതാണ്. ഇതിൽ മന്ത്രിമാർ / അകമ്പടി വാഹനങ്ങൾ ഉൾപ്പെട്ടിട്ടില്ല. | സംസ്ഥാനത്ത് പൊതുജനങ്ങളുടെ വാഹനങ്ങൾക്ക് വേഗപ്പൂട്ടും, മോട്ടോർ വാഹന നിയമം ലംഘിച്ചവർക്ക് പിഴയും. ലൈസൻസ് റദ്ദാക്കലുമുൾപ്പെടെ നടപ്പിലാക്കിയതുമൂലം 10.06.2013 മുതൽ 20.01.2014 വരെ പെറ്റിക്കേസുകൾ ഉൾപ്പെടെ 2306615 കേസുകളും, പിഴയായി 38,67,63,686/- (മുപ്പത്തിയെട്ടു കോടി അറുപത്തിയേഴ് ലക്ഷത്തി അറുപത്തി മൂവായിരത്തി അറുനൂറ്റി എൺപത്തിയാറ്) രൂപ ഈടാക്കുകയും ചെയ്തു. 10299 പേർക്കെതിരെ ലൈസൻസ് റദ്ദ്/ സസ്പെൻഡ് ചെയ്യുന്നതിലേക്കുള്ള നടപടികൾ സ്വീകരിക്കുന്ന തിനായി മോട്ടോർ വാഹന വകുപ്പിന് റിപ്പോർട്ടുകൾ നൽകിയിട്ടുള്ളതാണ്. ഇതിൽ മന്ത്രിമാർ / അകമ്പടി വാഹനങ്ങൾ ഉൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ